**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5274** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ ജാലകം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യണമെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ വിവരശേഖരണം നടത്തണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സമഗ്രമായ വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് മൊബൈൽ ആപ്പ് വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിനോടകം ഒരു ലക്ഷത്തി നാല്പത്തിനായിരത്തോളം വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ മേൽ പ്രകാരം സർവ്വേ നടത്തി വ്യവസായ ജാലകം സ്ഥിതി വിവര ശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരം ശേഖരിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് വിവരശേഖരണത്തിനായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സമഗ്രമായ വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് മൊബൈൽ ആപ്പ് വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിനോടകം ഒരു ലക്ഷത്തി നാല്പത്തിനായിരത്തോളം വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ മേൽ പ്രകാരം സർവ്വേ നടത്തി വ്യവസായ ജാലകം സ്ഥിതി വിവര ശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ; | (സി) | വ്യവസായ ജാലകം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എൻ ഐ സി കോഡ് -2004 പ്രകാരമുള്ള ആക്ടിവിറ്റികളുടെ അടിസ്ഥാനത്തിലാണ് നിലവിൽ വിവര ശേഖരണം നടത്തിയിട്ടുള്ളത്. |
| (ഡി) | ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. വ്യവസായ ജാലകം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽ നിന്നും എം.എസ്.എം.ഇ കളുടെ ഭൂമിശാസ്ത്ര പരമായ സ്ഥാനം അനുസരിച്ച് വ്യവസായ ഭൂപടം തയാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ